# പാഠം 4

പരിചയപ്പെട്ടിട്ടില്ലാത്ത അക്ഷരങ്ങൾ ഇനിയുമുണ്ട്. അവയിൽ ചില വാക്കുകളെ പഠിക്കുക. നീ എന്ന് വിളിക്കാത്തവരോ കേൾക്കാത്തവരോ ആയി ആരും ഉണ്ടാകില്ല. മറ്റൊരാളെ വിളിക്കുവാനും സംസാരിക്കുവാനുമാണ് അത് ഉപയോഗിക്കുന്നത്. ഇതിന് പല ഭാഷകളിലും വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുന്നു. അറബിയിൽ ഇതിന് **അൻത** എന്നാണ് പറയുക. അൻത എന്നാൽ നീ എന്നർഥം. ഈ വാക്ക് ശരിക്ക് ഓർമയിൽ വെക്കണം. അൻത എന്നാൽ നീ എന്നോർത്ത് അത് എഴുതുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)

| | | 3 | 2 | 1 |
|---|---|---|---|---|
| اَنْتَ | **അൻത** اَنْتَ | تَ | نْ | اَ |
| എഴുതുന്ന രൂപം | നീ (താങ്കൾ) | **ത** | **ൻ** | **അ** |

അൻത = നീ (താങ്കൾ) എന്ന് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ചന്ദ്രനെ കാണാത്തവരും കേൾക്കാത്തവരും നമ്മിൽ ആരും ഉണ്ടാകില്ല. മലയാളത്തിൽ തന്നെ പല പേരുകളും അതിനുണ്ട്. അറബിയിലുമുണ്ട് ഈ നാമ വ്യത്യാസം. അക്കൂട്ടത്തിൽ പെട്ട ഒരു നാമ മാകുന്നു **ബദ്ർ**. ബദ്ർ എന്നാൽ പൂർണചന്ദ്രൻ എന്നർഥം. ബദ്ർ = പൂർണചന്ദ്രൻ എന്ന് ഹൃദിസ്ഥ മായാൽ അത് എഴുതി ശീലിക്കുക.



| | | 3 | 2 | 1 |
|---|---|---|---|---|
| بَدْر | **ബദ്ർ** بَدْر | رْ | دْ | بَ |
| എഴുതുന്ന രൂപം | പൂർണചന്ദ്രൻ | **ർ** | **ദ്** | **ബ** |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ഇനി അടുത്ത വാക്ക് നോക്കുക. താറാവിനെ കാണാത്തവരും കേൾക്കാത്തവരും നമ്മിൽ ആരും ഉണ്ടാകില്ല. താറാവ് എന്ന പോലെ ബാത്ത് എന്നോ ബത്ത് എന്നോ ചിലർ പറയും. ഏതായാലും താറാവിന് അറബിയിൽ പറയുന്നത് **ബത്വത്** എന്നാകുന്നു. അതിൽനിന്നാകണം മലയാളത്തിലെ ബാത്ത് ഉണ്ടായത്. ബത്വത് = താറാവ്. ഈ അറബി നാമം ശരിക്ക് ഹൃദിസ്ഥമാക്കുക. എന്നിട്ട് എഴുതി ശീലിക്കുക.




| | | | | |
|---|---|---|---|---|
| بَطَة | ബത്വത് بَطَة | ة | طَ | بَ |
| എഴുതുന്ന രൂപം | താറാവ്. | **ത്** | **ത്വ** | **ബ** |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ഇനി അടുത്ത വാക്ക്. പശുവിനെ കാണാത്തവരും കേൾക്കാത്തവരും നമ്മിൽ ആരും ഉണ്ടാകില്ല. പശുവിനെ പശുവിന് അറബിയിൽ പറയുന്നത് **ബഖറ** എന്നാകുന്നു. ബഖറ = പശു. ഈ അറബി നാമം ശരിക്ക് ഹൃദിസ്ഥമാക്കുക. എന്നിട്ട് എഴുതി ശീലിക്കുക.

| | | | | | |
|---|---|---|---|---|---|
| بَقَرَة | بَقَرَة<br>ബഖറ | ة | رَ | قَ | بَ |
| എഴുതുന്ന രൂപം | **പശു** | **ത്** | **റ** | **ഖ** | **ബ** |



നിയമം: ബഖറതിലെ ة എന്ന അക്ഷരം ഉച്ചരിക്കപ്പെടുകയില്ല. ഈ പാഠത്തിൽ നാം പുതുതായി പഠിച്ച വാക്കുകൾ ഇവയാകുന്നു:

ഇതുവരെ പഠിച്ച വാക്കുകളെ കൂട്ടിയെഴുതാൻ ശ്രമിക്കുക. അതാണല്ലോ അറബിയുടെ രീതി.

| | | |
|---|---|---|
| അൻത | اَنْتَ | اَ نْ تَ |
| ബദ്ർ | بَدْر | بَ دْ ر |
| ബത്വത് | بَطَة | بَ طَ ة |
| ബഖറ | بَقَرَة | بَ قَ رَ ة |

ഈ പാഠത്തിൽ നാം പഠിച്ച അക്ഷരങ്ങൾ

| | | | | | | | |
|---|---|---|---|---|---|---|---|
| قَ | رَ | ةَ | طَ | دَ | تَ | نَ | بَ |
| ഖ | റ | ത | ത്വ | ദ | ത | ന | ബ |


**ഹോം വർക്ക്:**

1. ഈ അക്ഷരങ്ങൾക്ക് അകാര, ഇകാര, ഉകാര, അ്കാരങ്ങൾ നൽകി എഴുതുക.

| | | | | | | | |
|---|---|---|---|---|---|---|---|
| قَ | رَ | ةَ | طَ | دَ | تَ | نَ | بَ |

2. താഴെ പറയുന്ന മലയാള വാക്കുകളെ അറബിയിൽ എഴുതുക:
നബത, അനദ, മതൻ, ദനബ്

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



**പരിശീലനം:**

താഴെ എഴുതിയ വാക്ക് വായിച്ച് മലയാളത്തിൽ എഴുതുക.

ب ر ق

ق ط ن

ن ب ت

ق د ر ة

ق ط ر